"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ബി1/248/2023/സാ.നീ.വ.
സാമൂഹ്യനീതി (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-08-2026

സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിചരിക്കുന്ന/പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളിലെ കരാർ/ദിവസവേതന നിയമനങ്ങളിൽ ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് മുൻഗണന നൽകുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സാമൂഹ്യനീതി ഡയറക്ടറുടെ 25.07.2023-ലെ SJD/2825/2023-F3 നമ്പർ കത്ത്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിചരിക്കുന്ന/പരിശീലിപ്പിക്കുന്ന സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ജോലി ഒഴിവുകളിലേക്ക് കരാർ/ദിവസ വേതന നിയമനം നടത്തുമ്പോൾ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് മുൻഗണന നൽകേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

2. ഇത്തരം നിയമനങ്ങൾ നടത്തുമ്പോൾ, കരാർ/ദിവസ വേതന നിയമനങ്ങൾ നടത്തുന്നതിന് ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങളിൽ/വ്യവസ്ഥകളിൽ യാതൊരു ഇളവും അനുവദിക്കുവാൻ പാടില്ലാത്തതാണ്.

3. എല്ലാ വകുപ്പ് മേധാവികളും തങ്ങളുടെ നിയന്ത്രണത്തിലുള്ള പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനാധികാരികൾ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ വകുപ്പ് മേധാവികൾക്കും.
2. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
3. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
4. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
5. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, തിരുവനന്തപുരം

6. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (സാമൂഹ്യനീതി ഡയറക്ടർ മുഖേന).
7. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് നോട്ടീസ് ബോർഡ് മുഖേന).
8. എല്ലാ വകുപ്പ് മേധാവികൾക്കും (ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന).
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
10. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu. C
Date: 19-08-2026
14:15:48

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ബഹു.മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
4. സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.